"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഭക്ഷ്യ പൊതുവിതരണ വകുപ്പ് - സപ്ലൈകോ ഒറ്റപ്പാലം പീപ്പിൾസ് ബസാറിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന അസിസ്റ്റന്റ് സെയിൽസ്മാനായി നിയമിതനായ പരേതനായ കെ. പി. വെങ്കിട്ടരാമന്റെ ബാധ്യത തുക എഴുതിത്തള്ളുന്നതിന് സപ്ലൈകോ സി.എം.ഡി.യ്ക്ക് അനുമതി നൽകി ഉത്തരവാകുന്നു.

---

**ഭക്ഷ്യ പൊതുവിതരണ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.115/2025/F&CS തീയതി,തിരുവനന്തപുരം, 21-04-2025

---

പരാമർശം:- 1. 07/08/2017 ലെ സ.ഉ.(അച്ചടി) നം. 102/2017/ധന.

2. സപ്ലൈകോ അഡീഷണൽ ജനറൽ മാനേജർ (പി&എ)-യുടെ 18/01/2021 ലെ ഡി16/10034/15 നമ്പർ കത്ത്.

**ഉത്തരവ്**

സപ്ലൈകോ ഒറ്റപ്പാലം ഡിപ്പോയ്ക്ക് കീഴിലുള്ള ഒറ്റപ്പാലം പീപ്പിൾസ് ബസാറിലെ 12.08.2011 മുതൽ 30.11.2014 വരെയുള്ള കാലയളവിലെ കണക്കുകൾ ഓഡിറ്റ് നടത്തിയതിൽ 14,33,547/- രൂപയുടെ ക്രമക്കേടുകൾ കണ്ടെത്തിയതിനെ തുടർന്ന്, പ്രസ്തുത തുക മേൽ കാലയളവിൽ സേവനമനുഷ്ഠിച്ചിരുന്ന ജീവനക്കാർക്ക് ആനുപാതികമായി വീതിച്ച് നൽകിയതിൻ പ്രകാരം, പ്രസ്തുത ഔട്ട് ലെറ്റിൽ 179 ദിവസത്തോളം (28.12.2011 മുതൽ 23.06.2012 വരെ) എംപ്ലോയ്മെന്റ് എക്സ്ചേയ്ഞ്ച് വഴി നിയമിതനായ കെ.പി. വെങ്കിട്ടരാമന്റെ ബാധ്യത 24,244/-രൂപയാണെന്ന് (20,545.85 + 18% പലിശ) നിശ്ചയിച്ച്, ടിയാനെതിരെ പുറപ്പെടുവിച്ച ഡിമാന്റ് നോട്ടീസ് / കുറ്റപത്രം എന്നിവ കൈപ്പറ്റുന്നതിന് മുൻപ് കെ.പി. വെങ്കിട്ടരാമൻ മരണമടഞ്ഞതായും, കുറ്റപത്രം നൽകി ബാധ്യതാ തുക അന്തിമമായി നിശ്ചയിച്ചിട്ടില്ലാത്തതിനാലും, എംപ്ലോയ്മെന്റ് എക്സ്ചേയ്ഞ്ച് വഴി നിയമിതനായ ടിയാൻ ആറുമാസം മാത്രമെ സപ്ലൈകോയിൽ സേവനമനുഷ്ഠിച്ചിട്ടുള്ളു എന്നത് പരിഗണിച്ചും ടിയാളുടെ ബാധ്യതാ തുക എഴുതിത്തള്ളുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം സപ്ലൈകോ മാനേജിംഗ് ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഒറ്റപ്പാലം പീപ്പിൾസ് ബസാറിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന അസിസ്റ്റന്റ് സെയിൽസ്മാനായി നിയമിതനായ കെ. പി. വെങ്കിട്ടരാമൻ മരണപ്പെട്ടതിനാലും, ടിയാൻ ആറുമാസം മാത്രമേ സപ്ലൈകോയിൽ സേവനമനുഷ്ഠിച്ചിട്ടുള്ളു എന്നതിനാലും, ബാധ്യത തുക ചെറുതായതിനാലും ബാധ്യത തുകയായ 24,244/- രൂപ (ഇരുപത്തിനാലായിരത്തി ഇരുന്നൂറ്റി നാൽപ്പത്തി നാലു രൂപ മാത്രം) എഴുതിത്തള്ളുന്നതിന് സപ്ലൈകോ മാനേജിംഗ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അജിത് കുമാർ ഐ എ എസ്
സെക്രട്ടറി

പകർപ്പ് :-

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, സപ്ലൈകോ, കൊച്ചി.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്, കേരള, തിരുവനന്തപുരം)
ധനകാര്യ (പി.യു.ബി) വകുപ്പ് (2662911/PU-B2/6/2024-Fin dated 10/03/2025)
വിവര സാങ്കേതിക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ (സി3/13/2021-ഭ.പൊ.വി.വ.)

ഉത്തരവിൻ പ്രകാരം

Signed by
Kavitha Kumari. I. S
സെക്ഷൻ ഓഫീസർ
Date: 22-04-2025 14:56:57